പങ്കാളിത്ത പെൻഷൻ പദ്ധതി

129 (4120) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ സർക്കാർ വിഹിതവും ജീവനക്കാരുടെ വിഹിതവും യഥാസമയം പെൻഷൻ ഫണ്ടിൽ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദീകരണം നൽകാമോ ?

ഉത്തരം

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ സർക്കാർ വിഹിതവും ജീവനക്കാരുടെ വിഹിതവും 2014 മാർച്ച് മുതൽ പെൻഷൻ ഫണ്ടിൽ അടച്ച് തുടങ്ങിയിട്ടുണ്ട്. ഭാരത സർക്കാർ നിർദ്ദിഷ്ട പദ്ധതിയ്ക്കായി നിയോഗിച്ച PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി) നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനും പ്രസ്തുത പദ്ധതിയ്ക്ക് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനും ശേഷം 2014 ഫെബ്രുവരി മാസത്തെ ശമ്പളം മുതലാണ് ദേശീയ പെൻഷൻ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമാക്കിയത്. 2013 ഏപ്രിൽ മുതലുള്ള കടിശ്ശിക തുക (ജീവനക്കാരന്റെ വിഹിതം സഹിതം) ഒടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാൻ സർക്കാർ നിശ്ചയിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ

130 (4121) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യുവാൻ സർക്കാർ നിശ്ചയിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും നിർദ്ദേശങ്ങൾ പ്രകാരം എത്ര തുകയുടെ ചെലവ് ചുരുക്കാൻ നാളിതുവരെ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ ;

(ബി) നോൺ പ്ലാൻ ചെലവുകൾ ബജറ്റിനുള്ളിൽ തന്നെ നിർത്തേണ്ടതായിട്ടുള്ള സർക്കാർ നിർദ്ദേശം ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കാൻ നാളിതുവരെ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(സി) വിദേശയാത്രകൾ സംബന്ധിച്ച ചെലവ് ചുരുക്കൽ നിർദ്ദേശപ്രകാരം അനുമതി നിഷേധിച്ച വിദേശയാത്രകൾ ആരുടെയെല്ലാം എന്ന് വ്യക്തമാക്കുമോ; ചെലവ് ചുരുക്കൽ നിർദ്ദേശം വന്നതിനുശേഷം ആരൊക്കെ വിദേശയാത്ര നടത്തിയെന്നും ആയതുവഴി ഖജനാവിന് വന്ന നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ചെലവ് ചുരുക്കൽ നിർദ്ദേശം സർക്കാർ പ്രഖ്യാപിച്ചശേഷം എത്ര വാഹനങ്ങൾ ഏതെല്ലാം സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ ധനകാര്യ വകുപ്പ് അനുമതിയോടെ എത്ര തുകയ്ക്ക് വാങ്ങിയെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് നികുതി-നികുതിയേതര വരുമാന വർദ്ധനവിന്റെ ആവശ്യകത നിലനിൽക്കുമ്പോൾ ഈ നടപ്പുവർഷം ധനവകുപ്പ് എത്ര പേർക്ക് ആകെ തുകയുടെ ഉപാധിരഹിത സ്റ്റേ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 19-9-2014 ലെ സ.ഉ.(പി) നമ്പർ 400/2014/ധന പ്രകാരം 2015 മാർച്ച് 31 വരെ പുതിയ തസ്തിക/പുതിയ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും, വിദേശയാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 1-12-2014-ലെ സ.ഉ.(പി) നമ്പർ 523/2014/ധന. പ്രകാരം സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഡയറികൾ അച്ചടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുപ്പതിനായിരത്തോളം താത്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15-ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.

വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-2013-ലെ 515/2013/ധന. നമ്പർ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ.(പി) നമ്പർ 515/13/ധന., 28-11-2013-ലെ സ.ഉ.(പി) നമ്പർ 580/13/ധന എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗങ്ങളിലൂടെ ആകെ എത്ര തുകയുടെ ചെലവ് ചുരുക്കാൻ കഴിഞ്ഞു എന്ന കാര്യം തിട്ടപ്പെടുത്തിയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

(ബി) നോൺ പ്ലാൻ ചെലവുകൾ ബജറ്റിനുള്ളിൽ തന്നെ നിർത്തേണ്ടതായിട്ടുള്ള സർക്കാർ നിർദ്ദേശം ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കാൻ കഴിഞ്ഞുവെന്നത് സാമ്പത്തിക വർഷാവസാനം മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ.

(സി) വനം, പരിസ്ഥിതി വകുപ്പുമന്ത്രി, നഗരകാര്യ പിന്നോക്ക ക്ഷേമവകുപ്പുമന്ത്രി, ശ്രീ. പി.കെ. മൊഹന്തി, എ.സി.എസ്, പരിസ്ഥിതി വകുപ്പ്, ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി., ശ്രീ. കബീർ ബി. ഹാരൂൺ, സ്പെഷ്യൽ ഓഫീസർ, ക്ലീൻ കേരള കോ-ലിമിറ്റഡ് എന്നിവർ ബൾഗേറിയ, ഇംഗ്ലണ്ട് എന്നിവിടങ്ങളിലേക്ക് നടത്താനിരുന്ന യാത്രയ്ക്ക് അനുമതി നിഷേധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ കണക്കിലെടുത്ത് ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മാത്രമേ വിദേശ യാത്രകൾ അനുവദിക്കാറുള്ളൂ. ഇത്തരം യാത്രകൾ വഴിയുണ്ടാകുന്ന ചെലവ് ബാദ്ധ്യതയായി സർക്കാർ കരുതുന്നില്ല. വിദേശ യാത്രകൾ നടത്തിയിട്ടുള്ളത് സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്ന പതിവില്ല.

(ഡി) പ്രസ്തുത ചെലവ് ചുരുക്കൽ നിർദ്ദേശം സർക്കാർ പ്രഖ്യാപിച്ചശേഷം വാങ്ങിയ വാഹനങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഇ) ധനവകുപ്പ് സ്റ്റേ അനുവദിക്കാറില്ല.

അമ്പലപ്പുഴ മണ്ഡലത്തിൽ അനുമതി ലഭിച്ച പ്രവൃത്തികൾ

131 (4122) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതി പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുക; വ്യക്തമാക്കാമോ ;

(സി) ഒരു സാമ്പത്തിക വർഷത്തെ പ്രവൃത്തി ആ വർഷംതന്നെ പൂർത്തിയാക്കാൻ കഴിയുന്ന രൂപത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly